# ഹൃദയനിർഭരമായ അവബോധം

പ്രിയ സുഹൃത്തുക്കളെ,

ശിവജിയുടെ ഗുരുവായ രാംദാസ് സ്വാമിയുടെ അതിമനോഹരവും ദിവ്യത്വമാർന്ന രീതിയിലുമുള്ള രാമായണ പാരായണം ശ്രവിക്കാൻ ഹനുമാൻ നേരിട്ട് വരുമായിരുന്നെന്നും, മറഞ്ഞിരുന്ന് അദ്ദേഹം അത് കേട്ടിരുന്നുവെന്നും പറയപ്പെടുന്നുണ്ട്. മാതാ സീതയെ രാവണൻ കട്ടുകൊണ്ടുപോയി തടവിലാക്കിയതിനുശേഷം, ഹനുമാൻ, ദേവിയെ ആദ്യമായി കണ്ട കാര്യം രാംദാസ് അവിടെ വിവരിക്കുകയായിരുന്നു. രാവണന്റെ പൂന്തോട്ടത്തിൽ, വെളുത്തപുഷ്പങ്ങൾക്കു മദ്ധ്യേ അദ്ദേഹം ദേവിയെ കണ്ടെത്തി എന്നദ്ദേഹം പറഞ്ഞു.

കഥയിൽ മുഴുകിയിരുന്ന ഹനുമാൻ ഞെട്ടിയുണർന്നു. സ്വരൂപം വെളിപ്പെടുത്തി, അദ്ദേഹം ഇങ്ങനെ പറഞ്ഞു,"അങ്ങയുടെ കഥാഖ്യാനം ഞാൻ സന്തോഷപൂർവ്വം ശ്രവിക്കുകയായിരുന്നു, കാരണം, എന്റെ നാഥനെക്കുറിച്ചുള്ള കഥകൾ കേൾക്കുന്നതിനുമപ്പുറം മറ്റൊന്നും എനിക്ക് ആസ്വദിക്കാനാവില്ല. എന്നാൽ, അങ്ങ് പറഞ്ഞതിൽ ഒരു കാര്യം ശരിയല്ല. രാവണന്റെ ഉദ്യാനത്തിലെ പൂക്കൾ വെളുത്ത

നിറമുള്ളവയായിരുന്നില്ല, മറിച്ച് അവ ചുവന്ന നിറമുള്ളവയായിരുന്നു. ഇതാണ് യാഥാർത്ഥ്യം. നേരിട്ട് അവിടെ സന്നിഹിതനായിരുന്ന ഞാൻ അത് എന്റെ കണ്ണുകൾ കൊണ്ട് കണ്ടതാണ്."

രാംദാസിന്റെ വിവരണത്തിന്റെ ചാരുതയെന്തെന്നാൽ, അദ്ദേഹം ജ്ഞാനചക്ഷുസ്സിനാൽ അനുഗ്രഹീതനായിരുന്നു. മറ്റു പലരെയും പോലെ, രാമായണം വെറുതെ പാരായണം നടത്തുകയായിരുന്നില്ല അദ്ദേഹം. നേരിട്ട് ആ രംഗങ്ങൾ അദ്ദേഹം കാണുകയും വിവരിക്കുകയുമായിരുന്നു ; ഭഗവത് ഗീതയിൽ സഞ്ജയനെപ്പോലെ. ഹനുമാൻ ഇക്കാര്യം തെറ്റിദ്ധരിച്ചതാവാമെന്നും, തീർച്ചയായും പൂക്കളുടെ നിറം വെള്ളയായിരുന്നുവെന്നും, അത്തരം അവബോധത്തിൽനിന്നുളവായ ആത്മ വിശ്വാസത്താൽ, രാംദാസ് വിശദീകരിച്ചു.

"അങ്ങിനെയെങ്കിൽ നമുക്ക് ഇക്കാര്യം ഭഗവാൻ രാമനോട് ചോദിക്കാം," ഹനുമാൻ പറഞ്ഞു. രണ്ടു പേരും അതിനായി പോയി.

രണ്ടുപേരുടെയും വാദം കേട്ട ഭഗവാൻ പറഞ്ഞു, "എനിക്ക് നിങ്ങളുടെ തർക്കത്തിന് തീർപ്പുണ്ടാക്കാൻ കഴിയില്ല, കാരണം, ഞാൻ അവിടെ സന്നിഹിതനായിരുന്നില്ലല്ലോ."

രാമന്റെ സന്നിധിയിൽ നിന്നും രണ്ടുപേരും വിടവാങ്ങി. "നമുക്ക് സീതാമാതാവിനെ കാണാം. അവർക്ക് പൂക്കളുടെ നിറം ചുവപ്പായിരുന്നുവെന്ന് ഉറപ്പിച്ച് പറയാനാവും," ഹനുമാൻ പറഞ്ഞു.

അവർ സീതാമാതാവിനോട് കാര്യങ്ങൾ വിശദീകരിച്ചു. "രാംദാസ് പറയുന്നത് സത്യമാണ്. പൂക്കൾ വെള്ളനിറമുള്ളവയായിരുന്നു. ചുവപ്പല്ല" എന്ന് മാതാവ് അരുളിച്ചെയ്തു.

"ഇതെങ്ങിനെ സാധ്യമാവും? ഞാൻ എന്റെ കണ്ണുകൾ കൊണ്ട് കണ്ടതാണ്, അവ ചുവന്ന നിറമുള്ളവയായിരുന്നു," ഹനുമാൻ അത്ഭുതപ്പെട്ടു.

**യഥാർത്ഥമായതിനെ അതേപടി തിരിച്ചറിയാനാവാത്തതും, അബദ്ധ ചിന്തകളും തെറ്റായ ധാരണകളും എല്ലാം, നാം കൊണ്ടുനടക്കുന്ന ആന്തരീകമായുള്ള ഭാണ്ഡക്കെട്ട് – സംസ്കാരങ്ങൾ – മൂലമാണ്.**

“ശരിയാണ്, ഹനുമാൻ കണ്ടത് ചുവന്ന നിറമുള്ളവയായിരുന്നു, കാരണം, ബന്ധനസ്ഥയായ എന്നെ കണ്ട് രോഷാകുലനായിരുന്നു അങ്ങ് അപ്പോൾ. അതുകൊണ്ടാണ് വെള്ള നിറമുള്ള പൂക്കൾ ചുവപ്പായി തോന്നിയത്,” മാതാവ് വിശദീകരിച്ചു.

അത്യധികം രോഷത്താൽ ബാധിതനായിരുന്നതിനാൽ, ഹനുമാന്റെ കാഴ്ച്ചയെ അത് ബാധിച്ചു. വെളുത്ത പുഷ്പങ്ങൾ പോലും ജ്വലിക്കുന്നതായി അനുഭവപ്പെട്ടു. നിമിഷനേരത്തേക്ക് അദ്ദേഹം മായാവലയത്തിൽ പെട്ടു. അങ്ങിനെ, സത്യമായതിനെ തെറ്റായി ധരിച്ചു, അയഥാർത്ഥമായതിനെ യഥാർത്ഥമായും ധരിച്ചു. അബദ്ധ ചിന്തകളാലുണ്ടായ തെറ്റായ ധാരണയായിരുന്നു അത്.

വൈകാരിക ഓർമ്മകളുടെ ഈ ശേഖരം
ഇപ്പോൾ വസ്തുതകളെ
വിലയിരുത്തുന്നതിനുള്ള ഉപാധിയാവുന്നു.
നിറം പിടിപ്പിച്ച കണ്ണടകളിലൂടെയുള്ള
കാഴ്ച്ച പോലെയാണിത്.

അതുപോലെ, ഭയചകിതനായ ഒരു യാത്രികൻ രാത്രി ഒറ്റക്ക് നടക്കുകയാണ് എന്ന് കരുതുക. ഒരു മിന്നാമിനുങ്ങിന്റെ വെട്ടം കണ്ട് അയാൾ അത് ഒരു പ്രേതമായി കരുതി, പിന്നീട് അയാൾ ഒരു കയർ കണ്ടു, അത് പാമ്പാണെന്ന് കരുതി ഭയചകിതനായി. മറ്റൊരാൾ അർദ്ധരാത്രി തന്റെ ബോസ്സുമായി ഫോണിൽ സംസാരിക്കുന്നതു കണ്ട അയാളുടെ ഭാര്യ അയാൾ വിശ്വസ്തനല്ല എന്ന തീരുമാനത്തിലെത്തുന്നു. ഈ രണ്ടു കാര്യങ്ങളിലും സാഹചര്യത്തിന്റെ പാരമാർത്ഥ്യം കാണുന്നില്ല. തെറ്റായ ധാരണയുടെ അരിപ്പയിലൂടെ കടന്നുപോയതിനാലാണ് അത് അങ്ങിനെ മനസ്സിലാക്കാനായത്. രണ്ട് സാഹചര്യങ്ങളും അറിയപ്പെടാത്തതിൽനിന്നാണ് തുടങ്ങുന്നത്: പ്രകാശത്തിന്റെ അറിയപ്പെടാത്ത സ്രോതസ്സ്, കയറിന്റെ അറിയപ്പെടാത്ത സാദൃശ്യം, ഫോണിന്റെ മറുവശത്തുള്ള അജ്ഞാതനായ ആൾ. ഓരോ നിമിഷവും അജ്ഞാതമായതുമായാണ് നാം ബന്ധപ്പെടുന്നത് എങ്കിലും, മിഥ്യാബോധം വളരുവാൻ നാം ഇടം നൽകേണ്ടതില്ല.

മായയുടെ കാരണം ബാബുജി മഹരാജ് തിരിച്ചറിഞ്ഞിട്ടുണ്ട്. യഥാർത്ഥമായതിനെ അതേപടി തിരിച്ചറിയാനാവാത്തതും, അബദ്ധ ചിന്തകളും തെറ്റായ ധാരണകളും എല്ലാം, നാം കൊണ്ടുനടക്കുന്ന ആന്തരീകമായുള്ള ഭാണ്ഡക്കെട്ട് – സംസ്കാരങ്ങൾ – മൂലമാണ്.

**യഥാർത്ഥമായ, പക്ഷഭേദമില്ലാത്ത കാഴ്ച്ച, എല്ലാം അതിന്റെതായ രീതിയിൽ കാണാൻ അനുവദിക്കുന്നു; കൂട്ടിച്ചേർക്കലുകളോ കുറക്കലുകളോ, വൈകാരിക തലത്തിൽ വിലയിരുത്തലുകളോ വ്യാഖ്യാനങ്ങളോ ഇല്ലാതെ.**

വൈകാരികമായി സമ്മർദ്ദമുണ്ടാക്കുന്ന അനുഭവങ്ങളുടെ മുദ്രണങ്ങളാണ് സംസ്കാരങ്ങൾ. അവയാകട്ടെ,നമ്മുടെ ബോധതലത്തിൽ ആഴ്ത്തപ്പെടുകയും, ബോധാതീത സ്വാധീനം ചെലുത്തി ഉപബോധമനസ്സിൽ നിലനിൽക്കുകയും, നമ്മുടെ ഇന്നത്തെ സാഹചര്യങ്ങളെ മുൻകാലാനുഭവങ്ങളുടെ കണ്ണാടിയിലൂടെ നോക്കിക്കാണാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ മുൻകാല വൈകാരികാനുഭവങ്ങളും ചിന്താസരണികളും ഇന്നത്തെ യാഥാർത്ഥ്യത്തിനുമേൽ ചാർത്തപ്പെടുന്നു. തത്ഫലമായി അവ പക്ഷപാതപരമാവുകയും ചെയ്യുന്നു. വൈകാരിക ഓർമ്മകളുടെ ഈ ശേഖരം ഇപ്പോൾ വസ്തുതകളെ വിലയിരുത്തുന്നതിനുള്ള ഉപാധിയാവുന്നു. നിറം പിടിപ്പിച്ച കണ്ണടകളിലൂടെയുള്ള കാഴ്ച്ച പോലെയാണിത്.

The Wizard of OZ എനിക്കോർമ്മ വരുന്നു. OZ സിറ്റിയിൽ എല്ലാം പച്ച നിറമാർന്നവയാണ് എന്നാണ് കരുതിയിരുന്നത്; എന്നാൽ അതൊരു മിഥ്യാധാരണ മാത്രമായിരുന്നു. OZ, മറ്റേതൊരു സിറ്റി പോലെയായിരുന്നു. പച്ച നിറമുള്ള ചില്ലുകളുള്ള കണ്ണടകൾ അവിടത്തെ താമസക്കാർക്ക് നൽകിയിരുന്നു, അവരത് എപ്പോഴും ധരിക്കണമായിരുന്നു. പച്ചനിറം എന്ന മിഥ്യാധാരണയ്ക്ക് നിദാനമായത് ഈ കണ്ണടകൾ ആയിരുന്നു. പച്ച നിറമാർന്ന കണ്ണടകൾ, സിറ്റി മുഴുവൻ പച്ചനിറമാണ് എന്ന ധാരണ അവരിലുണ്ടാക്കി.

അതൊരു കഥയാണ്. എന്നാൽ നമ്മുടെ യഥാർത്ഥ ജീവിത കാഴ്ച്ചകളും അതുപോലെ വികൃതമാക്കപ്പെട്ടതാണ്. നമ്മുടെ ജീവിതത്തിലെ മുൻവിധികളും പക്ഷപാതങ്ങളും കൂടുതൽ ദൃഢമായതാണ്, കാരണം, കാഴ്ച്ച മറക്കപ്പെട്ട OZ ലെ നിവാസികളിൽനിന്നും വ്യത്യാസപ്പെട്ട്, നമ്മുടെ അവബോധത്തെ അസ്പഷ്ടമാക്കാൻ നിരവധി അരിപ്പകൾ പ്രവർത്തിക്കുന്നുണ്ട്. കണ്ണടകൾ എളുപ്പത്തിൽ മാറ്റാം, എന്നാൽ നമ്മുടെ അരിപ്പകൾ അത്രയും ആഴത്തിലായതിനാൽ, ആത്മാവിന് അവയെ, നമ്മുടെ ബോധതലത്തോടൊപ്പം, ഒരു ജീവിതത്തിൽ നിന്നും അനവധി ജീവിതങ്ങളിലേക്ക് കൊണ്ടുനടക്കേണ്ടി വരുന്നു. നാം ധരിക്കുന്ന "കണ്ണടകൾ" ഒരു നിറം മാത്രമുള്ളതല്ല.

കാഴ്ച്ച ദുർഗ്രഹമാക്കുന്നവിധത്തിൽ, അവയുടെ ചില്ലുകൾ നിരവധി വർണ്ണങ്ങളാൽ നിഗൂഢമാക്കപ്പെട്ടവയാണ്. കൂടാതെ, ഈ അരിപ്പകൾ മുന്നറിയിപ്പില്ലാതെയാണ് പ്രത്യക്ഷമാവുക. പരമാർത്ഥത്തിന്റെ പ്രകാശത്തെ കടത്തിവിടാൻ അനുവദിക്കാതാവുമ്പോൾ, നരകമെന്നു വിളിക്കാവുന്ന തരത്തിലുള്ള ഇരുട്ടിലാവും നമ്മുടെ ജീവിതം.

സംസ്കാരങ്ങൾ നമ്മുടെ അവബോധത്തെ ശരിയായ പാതയിൽ നിന്ന് വ്യതിചലിപ്പിക്കുന്നു. നല്ലതും ചീത്തയും എന്ന രീതിയിൽ കാര്യങ്ങളെ വിലയിരുത്താൻ നമ്മെ നിർബന്ധിക്കുന്നു. ചിലത് മനോഹരമെന്നും, മറ്റുള്ളവ മോശമെന്നും നാം വിലയിരുത്തുന്നു. ചിലതു വിശുദ്ധമെന്നും, മറ്റു ചിലത് അപവിത്രമെന്നും നാം കണക്കാക്കുന്നു. വിശുദ്ധി എല്ലായിടത്തുമുണ്ടെന്ന സത്യം നാം മറക്കുന്നു, മനോഹാരിത എല്ലായിടത്തുമുണ്ടെന്നതും നാം വിട്ടുകളയുന്നു. കാണുന്നവന്റെ കണ്ണുകളിലാണ് നിർണ്ണയം. നാം അതിനെ യാഥാർഥ്യത്തിനുമേൽ നിവേശിപ്പിക്കുന്നു. യഥാർത്ഥമായ, പക്ഷഭേദമില്ലാത്ത കാഴ്ച്ച, എല്ലാം അതിന്റേതായ രീതിയിൽ കാണാൻ അനുവദിക്കുന്നു; കൂട്ടിച്ചേർക്കലുകളോ കുറക്കലുകളോ, വൈകാരിക തലത്തിൽ വിലയിരുത്തലുകളോ വ്യാഖ്യാനങ്ങളോ ഇല്ലാതെ.

എല്ലാ അരിപ്പകളും ഇല്ലാതാവുമ്പോൾ ശരിയായ കാഴ്ച്ചപ്പാട് വെളിപ്പെടുന്നു, ഈ ശുദ്ധമായ കാഴ്ച്ചയെ നമ്മുടെ ശാസ്ത്രങ്ങൾ ദർശനം എന്ന് വിളിക്കുന്നു.

ഒട്ടുമിക്കവരും പരിമിതമായ അർത്ഥത്തിലാണ് ദർശനത്തെ അറിയുന്നത്; ഉദാഹരണത്തിന്, ദിവ്യനായ ഒരാളെ കാണുന്നത്. എന്നാലോ, ഭഗവാൻ കൃഷ്ണനെ, അദ്ദേഹത്തിന്റെ ജീവിതകാലത്ത്, പലരും 'കണ്ടിരുന്നു', എന്നാൽ ഒരാൾ പോലും അദ്ദേഹം ആരാണെന്ന് തിരിച്ചറിഞ്ഞില്ല. ആർക്കാണ് അദ്ദേഹത്തെ 'ദർശിക്കാൻ' കഴിഞ്ഞത്? ബാബുജിയുടെ പ്രസ്താവന എനിക്കോർമ്മ വരുന്നു, "പലരും എന്നെ കാണാൻ വരുന്നു, എന്നാൽ ആരും എന്നെ യഥാർത്ഥത്തിൽ കാണുന്നില്ല (അറിയുന്നില്ല)."

പലരും ഭഗവാൻ കൃഷ്ണനെ വെറുത്തിരുന്നു. കുറച്ചു പേർ മാത്രമേ അദ്ദേഹത്തെ സ്നേഹിച്ചിരുന്നുള്ളു. വെറുമൊരു മാജിക്കുകാരൻ എന്ന് വിളിച്ച് ദുര്യോധനൻ അദ്ദേഹത്തെ

**പരമാർത്ഥമായതിന്റെ ദർശനത്തിനായി, അഹങ്കാരം ആർജ്ജിച്ചെടുത്ത അയഥാർത്ഥമായതെല്ലാം ഉപേക്ഷിച്ചേ പറ്റൂ.**

അവമതിച്ചു. അർജ്ജുനന് അദ്ദേഹത്തോട് ആദരവുണ്ടായിരുന്നു, എന്നാൽ പരിമിതമായ രീതിയിലായിരുന്നു; അർജ്ജുനൻ അദ്ദേഹത്തെ കണ്ടിരുന്നത് ഒരു കൂട്ടുകാരനായിട്ടായിരുന്നു. പ്രപഞ്ചനാഥൻ എന്ന പ്രാമുഖ്യത്തിൽ രാധ പോലും അദ്ദേഹത്തെ കണ്ടിരുന്നില്ല; അളവറ്റ സ്നേഹവും ആരാധനയും ഉണ്ടായിരുന്നെങ്കിൽ കൂടി. അദ്ദേഹത്തെ കണ്ടിരുന്ന ഓരോരുത്തരും തങ്ങളുടേതായ കാഴ്ചപ്പാടിലായിരുന്നു അദ്ദേഹത്തെ മനസ്സിലാക്കിയത്. പൂർണ്ണ സത്യം ആരുമറിഞ്ഞില്ല.

ഓരോരുത്തരും വ്യത്യസ്തരാണെന്നതാണ് ഇതിനു കാരണം. കോടിക്കണക്കിനുള്ള ലോകജനത, മൊത്തമായി ഉണ്ടാക്കിയെടുക്കുന്ന മുദ്രണങ്ങൾ എത്രയെന്ന് ആലോചിച്ചുനോക്കൂ. ഭൂമിയിൽ ഒരുമിച്ചുള്ള സമയങ്ങളിൽ എത്രയെത്ര ഉപാധികൾ നാം ഉണ്ടാക്കുന്നുണ്ട്? വ്യക്തിപരമായ കാഴ്ചപ്പാടുകൾ എത്രയാണ്? പൊതുവിൽ, അഭിപ്രായവ്യത്യാസങ്ങളും വിയോജിപ്പുമാണ് ഫലം.

നമ്മൾ എക്കാലവും ഇങ്ങനെയായിരുന്നില്ല. ആരംഭത്തിൽ, ഓരോ ബോധതലവും ഒരുപോലെയായിരുന്നു. ആത്യന്തികതയുടെ നിർമ്മലമായ കാഴ്ചപ്പാടായിരുന്നു പൊതുവിലുണ്ടായിരുന്നത്. അബദ്ധ ചിന്തകളാൽ വ്യത്യാസങ്ങൾ ഉടലെടുക്കാൻ തുടങ്ങി, നമ്മുടേതായ ചെറുലോകങ്ങൾ നാം സൃഷ്ടിക്കാൻ തുടങ്ങി. ബാബുജി, നമ്മുടെ ഈ ലോകങ്ങളെ തുരുത്തുകൾ (Island) എന്നാണ് വിശേഷിപ്പിച്ചത് – മറ്റുള്ളവരിൽനിന്ന് അകന്നുപോകുന്ന തുരുത്തുകൾ, ഏകതയിൽനിന്നും അകന്നുപോകുന്ന ദ്വീപുകൾ, വ്യക്തി സവിശേഷതയിലേക്ക്, ഒറ്റപ്പെടലിലേക്ക്, അഹങ്കാരത്താൽ നയിക്കപ്പെടുന്ന നിലനിൽപ്പിലേക്ക്.

അഹങ്കാരമെന്ന മണ്ണിൽ വിതക്കുന്ന
സാംസ്കാരിക വിത്തുകളിൽ നിന്നും
വ്യക്തികളുടെ ഭാവിയാകുന്ന മരങ്ങൾ
മുളയെടുക്കുന്നു. നമ്മുടെ ഹൃദയങ്ങളുടെ
ഇംഗിതങ്ങൾ സംസ്കാരങ്ങളാൽ
സ്പഷ്ടമാക്കപ്പെടുന്നു, അത് സഫലീകരിക്കുവാൻ
മനസ്സ് ശ്രമിക്കുന്നു. മനസ്സിന്റെ പ്രവൃത്തികളും
പ്രവണതകളും 'വൃത്തികൾ' എന്നറിയപ്പെടുന്നു.
വൃത്തികളാണ് നമ്മുടെ പ്രവൃത്തികൾക്ക്
ഉൾപ്രേരണയാകുന്നത്. വൃത്തിയും പ്രവൃത്തിയും
കൂടി, സത്വം, രജസ്സ്, തമസ്സ് എന്നീ
ത്രിഗുണങ്ങളോടെ നമ്മുടെ പ്രകൃതിയ്ക്ക്
നിറമേകുന്നു.

തനതായ പ്രകൃതത്താൽ, അഹങ്കാരം അവനവനിൽ കേന്ദ്രീകൃതമാണ്; സ്വന്തം നിലനിൽപ്പ് ആരായുന്നതുമാണ്. അതിന്റെ സവിശേഷത നഷ്ടപ്പെടുമോ എന്നതാണ് അതിന്റെ ഭയം. അതിന്റെ വീക്ഷണത്തിൽ, അഹങ്കാര നാശത്തെക്കാൾ മരണമാണ് അതിനു പ്രിയം. അതിന്റെ നിലനിൽപ്പിന്റെ തുടർച്ചയ്ക്കായുള്ള വ്യഗ്രതയിൽ, അത് എപ്പോഴും അതിന്റെ പ്രകടനം കാണാൻ ആഗ്രഹിക്കുന്നു; ഒരു കണ്ണാടിയിൽ നോക്കി ഇപ്പോഴും ഉണ്ട് എന്നുറപ്പാക്കുന്നതുപോലെ.

അഹങ്കാരത്തിനു രൂപമില്ലാത്തതുകൊണ്ട് അതെങ്ങിനെ സ്വയം തിരിച്ചറിയും? പ്രത്യക്ഷമായതും ബാഹ്യമായതുമായ, അറിയാവുന്ന വസ്തുക്കൾ/ വിഷയങ്ങൾ എന്നിവയിൽ അത് സ്വയം തിരിച്ചറിയും. ബാഹ്യമായ ഒന്നിനെ ചൂണ്ടിക്കാണിച്ച്, "ഞാനതാണ് " എന്ന് അത് പ്രഖ്യാപിക്കും. ഇപ്പോൾ അത് സംതൃപ്തമാണ്. ഇത്തരത്തിൽ, അത്, മനസ്സ്, ശരീരം, അല്ലെങ്കിൽ, സംസ്കാരം, ഭാഷ, അഭിരുചി, തുടങ്ങി, മനുഷ്യഘടനയ്ക്കു പുറത്തുള്ള എന്തുമായും ഒത്തുചേരും.

ഒരു കത്തിന് മറുപടിയായി ബാബുജി ഒരിക്കൽ എഴുതി, "മഹാപുരുഷ ദർശനം നിങ്ങൾ കാംക്ഷിക്കുന്നു എന്നത് ഉചിതം തന്നെ. നിങ്ങളുടെ തന്നെ ദർശനം മാത്രം കാംക്ഷിക്കുന്നതായിരിക്കും കൂടുതൽ ഉചിതം." പരമാർത്ഥമായതിന്റെ ദർശനത്തിനായി, അഹങ്കാരം ആർജ്ജിച്ചെടുത്ത അയഥാർത്ഥമായതെല്ലാം ഉപേക്ഷിച്ചേ പറ്റൂ. എന്നാൽ അഹങ്കാരം ഇവയുമായി ചേർന്ന് നിൽക്കുന്നു. ഭീഷണിയുയർന്നാൽ, അവ വിനാശകരമായിത്തീരും. നിങ്ങളുടെ മതം, രാജ്യം, സമുദായം, കുടുംബം തുടങ്ങി നിങ്ങളുടേതെന്ന് നിങ്ങൾ കരുതുന്ന എന്തിനെയെങ്കിലും ആരെങ്കിലും വിമർശിച്ചാൽ എന്തായിരിക്കും നിങ്ങളുടെ പ്രതികരണം എന്ന് ആലോചിച്ചു നോക്കൂ. അഹങ്കാരത്തെ തിരിച്ചറിയുന്നതിന് ആ വികാരം ഒരു സൂചനയാകും.

നിശ്ചയദാർഢ്യമുള്ള അഹങ്കാരം ഒത്തൊരുമയെ ഇല്ലാതാക്കും. കൂട്ടായി പ്രവർത്തിക്കുമ്പോൾ, നിങ്ങളിൽ നിന്ന് വ്യത്യസ്തമായി കാര്യങ്ങൾ നടത്തണമെന്ന് മറ്റുള്ളവർക്ക് തോന്നാം. നിങ്ങളുടെ ആശയങ്ങൾ അത്യധികം ശരിയെന്നുതോന്നുന്നതിനാൽ, മറ്റുള്ളവരുടെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ പോലും നിങ്ങൾക്ക് വ്യക്തിപരമായ ഭീഷണിയായി തോന്നും.

"എന്റെ വഴി അല്ലെങ്കിൽ പെരുവഴി" എന്ന പ്രവർത്തനരീതി എല്ലാവരും അവലംബിച്ചാൽ എന്തായിരിക്കും സ്ഥിതിയെന്ന് ആലോചിച്ചുനോക്കൂ. പ്രവർത്തനഫലം എന്തായിരിക്കുമെന്നും ചിന്തിച്ചുനോക്കൂ. വ്യത്യസ്തമായ കാഴ്ചപ്പാടുകൾ, അവ അഹന്താബാധിതമല്ലെങ്കിൽ, ആരോഗ്യകരം തന്നെ.

ദിവ്യഊർജ്ജപ്രവാഹത്തിനുള്ള കുഴലാക്കുന്നതിനുള്ള മാസ്റ്ററുടെ ശ്രമങ്ങൾക്ക് അഹങ്കാരബാധിതമായ പ്രവർത്തനരീതി തടസ്സം നിൽക്കും. ദിവ്യ ഊർജ്ജപ്രവാഹത്തിന് നമ്മുടെ ഉള്ളിൽനിന്ന് പ്രതിരോധമുണ്ടായാൽ, ഘർഷണമുണ്ടാവും. ധ്യാനസമയത്തുണ്ടാവുന്ന "തള്ളൽ" അഥവാ "കുലുക്കം", വ്യവസ്ഥയിൽ ഉണ്ടാവുന്ന പ്രതിരോധത്തിന്റെ ലക്ഷണങ്ങളാണ്.

അഹങ്കാരവും സംസ്കാരവും പങ്കാളികളാണ്. വികാരപരമായി പ്രതികരിക്കുമ്പോൾ സംസ്കാരം രൂപപ്പെടുന്നു. നമ്മിലുള്ള പ്രതികരണ ഘടകമാണ് അഹന്ത. അത് സംസ്കാരരൂപീകരണത്തിന് പ്രേരകമാവുന്നു. അഹന്ത എന്തുകൊണ്ടാണ് പ്രതികരിക്കുന്നത്? അതിനെ അനുരൂപമാക്കുന്ന ഏതെങ്കിലുമൊന്ന് അധികമാവുകയോ, അതിന് ഭീഷണിയുയരുകയോ ചെയ്യുമ്പോഴാണ് അത് പ്രതികരിക്കുന്നത്. ഇഷ്ടാനിഷ്ടങ്ങളുടെ രൂപത്തിൽ അത് പ്രതികരിക്കുന്നു. ആ പ്രതികരണത്തിലെ, ക്രിയാത്മകമോ നിഷേധാത്മകമോ ആയ വികാരം ഒരു മുദ്രണമായി മാറുന്നു.


അഹന്തയെ അനുരൂപമാക്കുന്ന വസ്തുക്കളെ സംസ്കാരം, ഒരു സൗജന്യമെന്നനിലയിൽ, നിർണ്ണയിക്കുന്നു. നമ്മുടെ കാഴ്ചപ്പാടിനെ വേർതിരിച്ചുകൊണ്ടും, യാഥാർത്ഥ്യബോധത്തെ വികലപ്പെടുത്തിയും, അഹന്തയും സംസ്കാരവും അപ്പോൾ മായയുടെ സഹ സൃഷ്ടികർത്താക്കളായി മാറുന്നു. അഹങ്കാരമെന്ന മണ്ണിൽ വിതക്കുന്ന സാംസ്കാരിക വിത്തുകളിൽ നിന്നും വ്യക്തികളുടെ ഭാവിയാകുന്ന മരങ്ങൾ മുളയെടുക്കുന്നു. നമ്മുടെ ഹൃദയങ്ങളുടെ ഇംഗിതങ്ങൾ സംസ്കാരങ്ങളാൽ സൃഷ്ടമാക്കപ്പെടുന്നു, അത് സഫലീകരിക്കുവാൻ മനസ്സ് ശ്രമിക്കുന്നു. മനസ്സിന്റെ പ്രവൃത്തികളും പ്രവണതകളും 'വൃത്തികൾ' എന്നറിയപ്പെടുന്നു. വൃത്തികളാണ് നമ്മുടെ പ്രവൃത്തികൾക്ക് ഉൾപ്രേരണയാകുന്നത്. വൃത്തിയും പ്രവൃത്തിയും കൂടി, സത്വം, രജസ്സ്, തമസ്സ് എന്നീ ത്രിഗുണങ്ങളോടെ നമ്മുടെ പ്രകൃതിയ്ക്ക് നിറമേകുന്നു.

നമ്മുടെ പ്രകൃതത്തിന്റെ സ്വഭാവമനുസരിച്ച് ചില പ്രവൃത്തികൾ നാം ആവർത്തിക്കുന്നു. ഭക്ഷണപ്രിയൻ ഭക്ഷണശാലകൾ സന്ദർശിച്ചുകൊണ്ടേയിരിക്കുന്നു. തിരമാലപ്പുറത്ത് അഭ്യാസം കാണിക്കുന്നയാൾ തിരകൾക്കു പിന്നാലെ പായുന്നു. സിനിമാഭ്രാന്തൻ തീയറ്ററുകൾ തോറും കയറിയിറങ്ങുന്നു. സംസ്കാരങ്ങളുടെ പ്രത്യേക കൂട്ടം അത്തരം പ്രവൃത്തികളുടെ നിർവ്വഹണം സുഗമമാക്കുന്നു. ഒരു ജന്മത്തിൽ നിന്ന് മറ്റൊരു ജന്മത്തിലൂടെയുള്ള യാത്രയിൽ, ഇടതടവില്ലാത്ത പ്രവൃത്തിയും സംസ്കാരങ്ങളുടെ ശേഖരണവും നമ്മുടെ പ്രകൃതത്തിന് സ്പഷ്ടത നൽകുന്നു. പ്രാരാബ്ധമെന്ന് നാമറിയുന്നത് ഇതാണ്.

നമ്മുടെ വ്യക്തിഗതമായ ഭാഗധേയത്തിന്റെ സ്രഷ്ടാക്കൾ നമ്മൾ തന്നെയാണ്. എങ്കിലും ദിവ്യമായ ഭാഗധേയം എന്നൊന്നുണ്ട്. നമ്മൾ വ്യക്തിഗതമായി സൃഷ്ടിച്ച ലോകങ്ങൾ വിഘടനം ചെയ്യുകയും, വ്യക്തിഗതമായ പ്രളയം സംഭവിക്കുകയും ചെയ്താലേ ദിവ്യമായ ഭാഗധേയം സാക്ഷാത്ക്കരിക്കാനാവൂ.

ഈയൊരു ഉദ്ദേശ്യത്താൽ പതഞ്ജലി മഹർഷി പ്രദാനം ചെയ്ത യോഗയുടെ പാത, ചിത്തവൃത്തി നിരോധത്തിന് ഏവർക്കും ഫലപ്രദമാണ്. അല്ലെങ്കിൽ അവ നമ്മുടെ ഭാവി സൃഷ്ടമാക്കുകയും, മായയുടെ ചുഴിയിൽ നമ്മെ കറക്കുകയും ചെയ്യും. നമ്മുടെ വൃത്തികളെ നിലനിർത്തുന്ന സംസ്കാരങ്ങളെ ഒഴിവാക്കാനാണ് ബാബുജി പരിശീലന രീതികൾ പ്രദാനം ചെയ്തത്. ചിത്തവൃത്തി നിരോധം തന്നെയാണ് യോഗാവസ്ഥ. വൃത്തികളുടെ ഉദ്ദീപനം നമ്മെ രക്ഷിക്കില്ല. അതിനാൽ അത് 'അയോഗ്യ' മാകുന്നു; യോഗമല്ല.

നിർഭാഗ്യവശാൽ, തന്റെ സൃഷ്ടികളെ ന്യായീകരിക്കുക എന്നതാണ് അഹന്തയുടെ പ്രവണത. വൃത്തി, പ്രവൃത്തി, പ്രകൃതി, പ്രാരബ്ധം തുടങ്ങിയവയുമായി അത് യോജിച്ചുനിൽക്കുകയും ചെയ്യുന്നു. ഇത് മാറ്റം വരുത്തുന്നത് ശ്രമകരമാക്കുന്നു. ഒരു മൂഢൻ തന്റെ അബദ്ധങ്ങൾ സംഭവിച്ചതിനുശേഷം തിരിച്ചറിയുന്നു; അങ്ങിനെ സാധിക്കുമെങ്കിൽ. ബുദ്ധിമാനായ ഒരുവൻ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ അറിയും. എന്നാൽ, വിവേകിയായ ഒരാൾ സംഭവിക്കുന്നതിനു മുൻപുതന്നെ തെറ്റ് തിരിച്ചറിയുകയും അത് ഒഴിവാക്കുകയും ചെയ്യും; പ്രിയപ്പെട്ട ചാരിജി ഇപ്രകാരം പറയാറുണ്ട്.



തെറ്റാണ് ചെയ്യുന്നത് എന്ന് അറിഞ്ഞുകൊണ്ട്, അത് ന്യായീകരിക്കുന്നയാളെ ഏതു ഗണത്തിൽ പെടുത്തും? അത്തരമൊരു വ്യക്തിയ്ക്ക് എങ്ങിനെ മാറ്റം സംഭവിക്കും? സ്വന്തം സൃഷ്ടികൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് എങ്ങിനെ വ്യക്തിഗതമായ പ്രളയം സാദ്ധ്യമാക്കാനാവും? ചെമ്പ് സ്വർണ്ണമായി രൂപാന്തരപ്പെടുന്നതുപോലെയാണിത്. എങ്ങിനെ അത് സംഭവിക്കും? നമ്മളിൽ പരിവർത്തനം വരുത്തുന്നതിന് നാം പരാജയപ്പെടുന്നു എന്നതിനുള്ള വിശദീകരണമാണിത്. ഇരുപത്തിമൂന്ന് വലയങ്ങളുള്ള ബാബുജിയുടെ ഡയഗ്രത്തിൽ, അഹന്തയുടെ വളയങ്ങൾ മായയുടെ വളയങ്ങളെ പിന്തുണക്കുന്നത് എന്തുകൊണ്ടെന്ന് ഇത് വിശദീകരിക്കും.

സംസ്കാരങ്ങൾ രൂപപ്പെടാതെ, മഹനീയ പ്രവർത്തികൾ നടത്തുന്നതിന് സഹായകമാവുന്ന ഒരു ജീവിതശൈലി കൈവരിക്കുന്നതിന്, സഹജമാർഗ ആന്തരീക പരിശീലനം നമ്മെ സഹായിക്കുന്നു. സംസ്കാരങ്ങളുടെ ചുമട് ഒഴിവാക്കുന്നത് എളുപ്പമാണ്. വൈകുന്നേരമുള്ള ശുദ്ധീകരണത്തിലൂടെ ആ ദിവസത്തെ ശേഖരണം നീക്കം ചെയ്യപ്പെടും. വ്യക്തിഗത സിറ്റിങ്ങിലൂടെ പ്രിസപ്റ്റർമാർ ഈ ജന്മത്തിലെ പഴയ സംസ്കാരങ്ങൾ നീക്കം ചെയ്യും. മുജ്ജന്മങ്ങളിലെ സംസ്കാരങ്ങൾ, മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ നടത്തുന്ന ഭണ്ഡാരകളിലും ഗ്രൂപ്പ് സത്സംഗങ്ങളിലും നീക്കം ചെയ്യപ്പെടുന്നു. അഭ്യാസി സമർപ്പിതനും ലയാവസ്ഥ കൈവരിച്ചവനുമെങ്കിൽ, ഏതുസമയത്തും അത് സംഭവിക്കും.

സംസ്കാര രൂപീകരണം തടയൽ കൂടുതൽ ശ്രമകരമാണ്. ഒരു കോൾ മൈനിൽ കോൾ പൊടി ഒഴിവാക്കുന്നതുപോലെ, അല്ലെങ്കിൽ, മഴയത്ത്, മഴ നനയാതിരിക്കുന്നതുപോലെ ആണ് ഈ ലോകത്ത് ജീവിക്കുമ്പോൾ മുദ്രണങ്ങൾ ഒഴിവാക്കുന്നത്. മഴയെ തടയാനാവില്ല, എന്നാൽ മഴക്കോട്ട് ധരിച്ച്, നനയാതിരിക്കാം. വൈകാരിക സംക്ഷോഭത്തിനിടയിൽ പോലും മനസ്സും ഹൃദയവും ബാധിതമാവാതെയിരിക്കുവാൻ സഹായിക്കുന്ന 'മഴക്കോട്ട് ' ഏതാണ്? സൃഷ്ടാവിനോടുള്ള സ്നേഹത്താൽ കുതിർന്ന നിലയായ നിരന്തര സ്മരണയാണ് ആ സംരക്ഷണ കോട്ട്.

അതുല്യമായ ഒരു അരിപ്പയാണ് നിരന്തര സ്മരണ. നമ്മുടെ ബോധതലത്തെ മലിനമാക്കുന്നതിനു മുൻപുതന്നെ അത് മുദ്രണങ്ങളെ തടയുന്നു. വിനയമെന്ന സംരക്ഷണ മേലാപ്പിനാൽ, നിരന്തര സ്മരണ അഹന്തയെ വേർതിരിച്ചെടുക്കുകയും, പക്ഷപാതത്തിന്റെ പ്രഭാവത്തിൽനിന്ന് നമ്മെ സംരക്ഷിക്കുകയും ചെയ്യുന്നു. അങ്ങിനെ, ദിവ്യമായ ലക്ഷ്യസ്ഥാനം വ്യക്തമായി കാണാനാവുന്നു. സ്രഷ്ടാവിനോടുള്ള സ്നേഹത്തിൽ ഹൃദയപൂർവ്വം നമ്മുടെ അവബോധം മുഴുകുമ്പോൾ, ഐഹികമായതും അയഥാർത്ഥമായതും, ദിവ്യവും അസാധാരണവുമാകും. ദൈവം ദിവ്യനെങ്കിൽ,

അദ്ദേഹത്തിന്റെ സൃഷ്ടിയും ദിവ്യം തന്നെ; സ്രോതസ്സും പരിണിതഫലവും ഒന്നെന്ന പോലെ. എല്ലാം ദിവ്യമാകും.

സ്നേഹബഹുമാനത്തോടെ,
**കമലേഷ്**

*പൂജ്യ ശ്രീ ബാബുജി മഹാരാജിന്റെ 123 -ാ*

**ജന്മവാർഷികത്തോടനുബന്ധിച്ച് നൽകിയത്**

ഏപ്രിൽ 29, 30, മെയ് 1, 2022

heartfulness™
advancing in love